"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പി.എ -പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം പെർഫോർമൻസ് ഓഡിറ്റിൽ സീനിയർ സൂപ്രണ്ട്/ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ - ശ്രീ ഗോപകുമാർ.എം- -അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.516/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/02/2021

---

പരാമർശം:- 1 പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട് ശ്രീ ഗോപകുമാർ.എം-സമർപ്പിച്ച 03.02.2021 തീയതിയിലെ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 09.02.2021 ലെ PAN/1990/2021-E11(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് -3 ൽ സീനിയർ സൂപ്രണ്ട്/ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ ഗോപകുമാർ.എം -നെ തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പി.എ ആയി നിലവിലുള്ള അന്യത്ര സേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിൽ തുടരുന്ന ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

മേയർ,തിരുവനന്തപുരം കോർപ്പറേഷൻ.

നഗരകാര്യഡയറക്ടർ,തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

ശ്രീ ഗോപകുമാർ, സീനിയർ സൂപ്രണ്ട്/ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ,തിരുവനന്തപുരം

പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-3.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഇ.പി.ബി) വകുപ്പ്.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ